## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2658** **14-09-2023 - ൽ മറുപടിയ്ക്ക്**

## വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വകയിരുത്തിയ തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; നാളിതുവരെ എത്ര തുക അനുവദിച്ച നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചത്; വിശദാംശം നൽകാമോ; | (എ) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സപ്ലൈകോ മുഖേന വിപണിയിടപെടൽ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ 2408-01-102-99-33-(NV) എന്ന ശീർഷകത്തിൽ 190.80 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ 173.17 കോടി രൂപ സപ്ലൈകോക്ക് ഇതിനോടകം അനുവദിച്ച നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ആഗസ്റ്റ് വരെ വിപണി ഇടപെടലിൻ്റെ ഭാഗമായി 13 ഇനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വില്പന നടത്തിയതു മൂലം പൊതുജനങ്ങൾക്ക് ഏകദേശം 250 കോടി രൂപയുടെ ആനുകൂല്യം സബ്സിഡി രൂപത്തിൽ നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവര പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി എന്നീ 13 ഇനം സാധനങ്ങൾക്കാണ് ഈ തുക ചെലവഴിച്ചിരുന്നത്.<br><br>നടപ്പ സാമ്പത്തിക വർഷം പൊതു വിതരണ ശൃംഖല വഴിയുള്ള റേഷൻ വിതരണത്തിനായി 1111.44 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ റേഷൻ സാധനങ്ങളുടെ വില ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിന് 136.2 കോടി രൂപയും റേഷൻ വ്യാപാരികളുടെ കമ്മീഷൻ നൽകുന്നതിനായി Non - NFSA ഇനത്തിൽ 44.93 കോടി രൂപയും NFSA ഇനത്തിൽ 17.42 കോടി രൂപ കേന്ദ്ര വിഹിതവും 17.42 കോടി രൂപ സംസ്ഥാന വിഹിതവും 52.47 കോടി രൂപ സംസ്ഥാനത്തിന്റെ അധിക വിഹിതമായും, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത കൈകാര്യ ചെലവുകൾക്ക് Non - NFSA ഇനത്തിൽ 11.53 കോടി രൂപയും ഉൾപ്പടെ ആകെ |

279.97 കോടി രൂപ സെപ്റ്റംബർ 2023 വരെ വിനിയോഗിച്ചിട്ടുണ്ട്.

ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നതിന് നടപ്പ സാമ്പത്തിക വർഷത്തിൽ '2425-00-108-80-00-33-0-N-V' എന്ന ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നും 2022ൽ കൺസ്യൂമർഫെഡ് നടത്തിയ ഓണം വിപണിയുടെ സബ്സിഡി നഷ്ടം നികത്തുന്നതിനായി 14.65 കോടി രൂപയും 2023 വർഷത്തെ ഓണം വിപണിയ്ക്ക് മുൻകൂറായി അനുവദിച്ച 16 കോടി രൂപയും ഉൾപ്പെടെ ആകെ 30.65 കോടി രൂപ നാളിതു വരെ ചെലവാക്കിയിട്ടുണ്ട്.

ഇതിനു പുറമെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 2425-00-108-49-00-34-03 PV (സബ്സിഡി), 4425-00-108-45-00-34-03 PV (ഓഹരി), 6425-00-108-22 PV (വായ്പ) എന്നീ ശീർഷകങ്ങളിലായി യഥാക്രമം 20 ലക്ഷം,40 ലക്ഷം,40 ലക്ഷം എന്നിങ്ങനെ ആകെ 100 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ സബ്സിഡിയിനത്തിൽ 5.6 ലക്ഷം രൂപയും ഓഹരിയിനത്തിൽ 8.8 ലക്ഷം രൂപയും വായ്പയിനത്തിൽ 3.1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 17.5 ലക്ഷം രൂപ 15 സംഘങ്ങൾക്കായി നാളിതു വരെ വിനിയോഗിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് സപ്ലൈകോയുടെ മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും നോൺ മാവേലി ഇനത്തിൽപ്പെട്ട Fast Moving Consumer Goods (FMCG) ഇനങ്ങളും മറ്റ് ശബരി ഉൽപ്പന്നങ്ങളും വിതരണം ചെയ്യുന്നതിനായി ഫിഷറീസ് വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി തീരമാവേലി എന്ന സംരംഭം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് ടു

| | | | |
|---|---|---|---|
| | | | ഫിഷർ വിമണിന്റെ (SAF) കീഴിൽ 10 തീരമൈത്രി സൂപ്പർമാർക്കറ്റുകളും 5 കമ്മ്യൂണിറ്റി പ്രോവിഷൻ സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു. തീരദേശ ജില്ലകളിലെ 25000 ലധികം കുടുംബങ്ങളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. യൂണിറ്റുകൾ ആവശ്യപ്പെടുന്ന സബ്സിഡി സാധനങ്ങളുടെ indent സാഫിൽ നിന്നും സപ്ലൈകോക്ക് നൽകുന്ന മുറക്ക് അതാത് ഡിപ്പോകളിൽ നിന്ന് സാധനങ്ങൾ അനുവദിച്ചു നൽകുന്നു. 2405-00-105-88-33 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ഇതിനായി 1000/- രൂപ ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്. വിവിധ കാലയളവുകളിൽ പദ്ധതിക്കു വേണ്ടി ചെലവാകുന്ന തുകയുടെ വിശദാംശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അധിക തുകയായി അനുവദിച്ചു വരുന്നു. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; അതിൽ എത്ര തുക അനുവദിച്ചു നൽകിയിരുന്നുവെന്നും, എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വിശദീകരിക്കാമോ? | (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സപ്ലൈകോ മുഖേന വിപണിയിടപെടൽ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിലേക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ 2408-01-102-99-33-NP എന്ന ശീർഷകത്തിൽ 400 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ആയത് പൂർണ്ണമായും സപ്ലൈകോക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2022ലെ ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും 14 ഇനം സാധനങ്ങൾ അടങ്ങിയ 85,69,583 സൗജന്യ ഓണക്കിറ്റുകൾ സപ്ലൈകോ മുഖേന റേഷൻകടകൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീമഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും (4 അന്തേവാസികൾക്ക് ഒരു കിറ്റ് എന്ന കണക്കിൽ) ഒരു റേഷൻ കാർഡിലും ഉൾപ്പെടാത്ത ട്രാൻസ്ജെൻഡേഴ്സിനും കൂടി ആകെ 15,590 ഓണക്കിറ്റുകൾ നല്കിയിട്ടുണ്ട്. ഓണക്കിറ്റ് ഒന്നിന് 01-08-2022 ലെ സ.ഉ. (സാധാ)നം.273/2022/F&CCS ഉത്തരവ് പ്രകാരമുള്ള 447/- രൂപ നിരക്കിൽ 383.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2022-2023 സാമ്പത്തിക വർഷം 13 ഇനം അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിൽ വില്പന |

നടത്തിയതു മൂലം 585.57 കോടി രൂപ സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്.

ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 2425-00-108-80-33 (NP) എന്ന ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ആയതിൽ നിന്നും 2022ലെ ഓണം വിപണിക്ക് 16 കോടി രൂപ കൺസ്യൂമർഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇതിനു പുറമെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 2425-00-108-49-00-34-03 PV (സബ്സിഡി), 4425-00-108-45-00-34-03 PV (ഓഹരി), 6425-00-108-22 PV (വായ്പ) എന്നീ ശീർഷകങ്ങളിലായി യഥാക്രമം 50.60 ലക്ഷം,119.60 ലക്ഷം,59.80 ലക്ഷം എന്നിങ്ങനെ ആകെ 230 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ സബ്സിഡിയിനത്തിൽ 23.70 ലക്ഷം രൂപയും ഓഹരിയിനത്തിൽ 55.10 ലക്ഷം രൂപയും വായ്പയിനത്തിൽ 22 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 100.8 ലക്ഷം രൂപ 124 സംഘങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ തീരദേശ ജില്ലകളിലെ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് സപ്ലൈകോയുടെ മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും നോൺ മാവേലി ഇനത്തിൽപ്പെട്ട Fast Moving Consumer Goods (FMCG) ഇനങ്ങളും മറ്റ് ശബരി

| | | | | |
|---|---|---|---|---|
| | | | | ഉൽപ്പന്നങ്ങളും വിതരണം ചെയ്യുന്ന തീരമാവേലി പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 2405-00-105-88-33 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി 1000/- രൂപയും അധിക തുകയായി 30.82 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ആയതിൽ 2020 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ സപ്ലൈകോക്ക് ഉണ്ടായ സഞ്ചിത നഷ്ടത്തിന്റെ 25% വരുന്ന തുകയായി 30.81 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ